(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിലെ സെക്രട്ടറിമാരെ തെരഞ്ഞെടുപ്പുകളും വാർഡു വിഭജനവും കഴിയുന്നതുവരെ സ്ഥലം മാറ്റരുതെന്ന് നിർദ്ദേശം നൽകിയിരുന്നുവോ;

(ബി) ഈ നിർദ്ദേശം ലംഘിച്ച് എത്ര ഉദ്യോഗസ്ഥരെ കഴിഞ്ഞ 6 മാസത്തിനുള്ളിൽ സ്ഥലം മാറ്റിയിട്ടുണ്ട്;

(സി) കഴിഞ്ഞ 6 മാസത്തിനുള്ളിൽ ഊർങ്ങാട്ടിരി പഞ്ചായത്ത് സെക്രട്ടറി ശ്രീ. വേലായുധനെ ഏതെല്ലാം സ്ഥലങ്ങളിലേക്ക് സ്ഥലം മാറ്റിയെന്നറിയിക്കുമോ;

(ഡി) ഒരു വർഷത്തിനുള്ളിൽ ഇദ്ദേഹത്തിന് ഏതെല്ലാം പഞ്ചായത്തുകളുടെ ചാർജ്ജ് നൽകിയിരുന്നു;

(ഇ) ശ്രീ. വേലായുധൻ ഏതെല്ലാം പഞ്ചായത്തുകളുടെ വാർഡ് വിഭജനത്തെ സംബന്ധിച്ച റിപ്പോർട്ടാണ് സമർപ്പിച്ചത് എന്നറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പഞ്ചായത്തു സെക്രട്ടറിമാരെ വാർഡു വിഭജനം സംബന്ധിച്ച് 31-1-2000 വരെ സ്ഥലം മാറ്റരുതെന്ന് 29-9-99-ലെ സ.ഉ.(സാ) നം : 2857/99/തഭവ പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

(ബി) 31.1.2000 വരെ ആരേയും സ്ഥലം മാറ്റി നിയമിച്ചിട്ടില്ല.

(സി) ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കവെ 15-1-2000 മുതൽ അവധിയിൽ പ്രവേശിച്ച ശ്രീ. സി. വേലായുധനെ അവധി കഴിഞ്ഞ് പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി നിയമിക്കുകയും 19-2-2000 മുതൽ പ്രസ്തുത തസ്തികയിൽ അദ്ദേഹം ജോലി ചെയ്തു വരുകയും ചെയ്യുന്നു.

(ഡി) ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കവേ അദ്ദേഹത്തിന് കീഴുംപറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല കൂടി നൽകിയിരുന്നു.

(ഇ) ശ്രീ. സി. വേലായുധൻ ഊർങ്ങാട്ടിരി, കീഴുംപറമ്പ് എന്നീ ഗ്രാമപഞ്ചായത്തുകളുടെ വാർഡ് വിഭജനത്തെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

109 (2265) ഗ്രാമ പഞ്ചായത്തുകളിൽ എഞ്ചിനീയർമാരുടെ സേവനം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ സർവീസിൽ നിന്നും വിരമിച്ച എഞ്ചിനീയർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ടോ;

(ബി) ഗ്രാമപഞ്ചായത്തുകളിൽ കരാറടിസ്ഥാനത്തിൽ എഞ്ചിനീയറന്മാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) സർവ്വീസിൽ നിന്നും വിരമിച്ചവരുടെയും കരാറുകാരുടേയും സേവനം ഒഴിവാക്കി ബ്ലോക്ക് പഞ്ചായത്തടിസ്ഥാനത്തിലോ നിശ്ചിത എണ്ണം

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകൾക്കോ മാത്രമായി പി.എസ്.സി. മുഖേന എഞ്ചിനീയർമാർക്ക് സ്ഥിര നിയമനം നൽകുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട വിവിധ പ്രോജക്ടുകൾക്ക് റിട്ടയേർഡ് എഞ്ചിനീയർമാരുടെ സേവനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) തൽക്കാലം പരിഗണനയിലില്ല. അധികാര വികേന്ദ്രീകരണത്തെ തുടർന്നുള്ള ജീവനക്കാരുടെ പുനർ വിന്യാസം പ്രാവർത്തികമാകുന്നതോടെ പഞ്ചായത്തുകൾക്കാവശ്യമായ എഞ്ചിനീയർമാരുടെ സേവനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

110 (2266) ഗവൺമെന്റ് ആശുപത്രിക്കുവേണ്ടി നഗരസഭ ചെലവഴിച്ചതുക

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഗവൺമെന്റ് ആശുപത്രിക്കുവേണ്ടി നാളിതുവരെ കായംകുളം നഗരസഭ ചെലവഴിച്ചിട്ടുള്ള തുകകളും അവ ഏതെല്ലാം ഇനങ്ങളിൽ ചെലവഴിച്ചു എന്നതും വ്യക്തമാക്കുമോ;

(ബി) ഇപ്പോഴത്തെ നഗരസഭ നിലവിൽവന്നശേഷം പ്രസ്തുത ആശുപത്രിക്കുവേണ്ടി ഓരോ വർഷവും മുനിസിപ്പൽ ബഡ്ജറ്റിൽ നീക്കിവച്ച തുക എത്ര;

(സി) ഇവിടെ പണിയുന്ന 100 കിടക്കകളുള്ള പുതിയ ബ്ലോക്കിന് നഗരസഭ ഇതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) ഈ ആശുപത്രിക്ക് ആവശ്യമായ തുക ചെലവഴിക്കണമെന്ന് മുനിസിപ്പാലിറ്റിക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കായംകുളം ഗവൺമെന്റ് ആശുപത്രിക്കുവേണ്ടി കായംകുളം നഗരസഭ നാളിതുവരെ 13,53,731/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.	വനിത കാന്റീൻ	-	33500/- രൂപ
2.	കംഫർട്ട് സ്റ്റേഷൻ	-	136489/- രൂപ
3.	പാർക്ക് കോൺക്രീറ്റ് ടാറിംഗ് കാമ്പൗണ്ട് വാൾ	-	570416/- രൂപ
4.	പ്രസവവാർഡ്	-	545738/- രൂപ
5.	സോഡിയം വേപ്പർ ലാമ്പ്	-	13950/- രൂപ
6.	പ്രസവവാർഡ്, വയറിംഗ് കിടക്ക	-	18000/- രൂപ
7.	ഒ.പി. ബ്ലോക്ക് അറ്റകുറ്റ പണി	-	25244/- രൂപ

LIBRARY ARCHIVES Kerala Legislative Assembly